ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) യു എൻ രക്ഷാ സമിതിയിലെ താല്ക്കാലിക അംഗത്വത്തിനായുള്ള പ്രചാരണത്തിന് തുടക്കം കുറിച്ച് ഇന്ത്യ. അസ്ഥിരത നിറഞ്ഞ ആഗോള സാഹചര്യത്തിൽ ഐക്യരാഷ്ട്രസഭയുടെ പങ്ക് നിർണ്ണായകമെന്ന് വിദേശകാര്യമന്ത്രി എസ്. ജയശങ്കർ.

**India has launched its campaign for a non-permanent seat on the UN Security Council. External Affairs Minister S. Jaishankar said the role of the United Nations is crucial amid the prevailing global instability.**

2) ഇന്ത്യ- യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ നാളെ മുതൽ പ്രാബല്യത്തിൽ.

**The India–UK Comprehensive Economic and Trade Agreement will come into force from tomorrow.**

3) ഇന്ത്യയിലെ ഏറ്റവും വലിയ ടെക്സ്റ്റൈൽ മേളയായ 'ഭാരത് ടെക്സ് 2026'ന്റെ ഉദ്ഘാടനം കേന്ദ്ര മന്ത്രി ഗിരിരാജ് സിങ്ങ് ന്യൂഡൽഹിയിൽ നിർവഹിച്ചു.

**Union Minister Giriraj Singh inaugurated 'Bharat Tex 2026', India's largest textile exhibition, in New Delhi.**

4)വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച രണ്ട് മലയാളികളുടെ മൃതദേഹ ങ്ങൾ ജന്മനാടായ കൊ ട്ടാരക്കരയിൽ എത്തിച്ചു. സംസ്കാരം നാളെ.

**The mortal remains of the two Malayalees who died in the boat accident in Vietnam have been brought to their hometown, Kottarakkara. The funeral will be held tomorrow.**

5) രാജ്യത്ത് ഏഴ് ഇ.എസ്.ഐ. ആരോഗ്യപരിപാലന പദ്ധതികൾക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് തെലങ്കാനയിൽ തുടക്കം കുറിക്കും.

**Union Minister Mansukh Mandaviya will inaugurate seven ESI healthcare projects in Telangana today.**

6) ഫിഫ ലോകകപ്പ് സെമിഫൈനൽ ആദ്യ മത്സരത്തിൽ ഇന്ന് രാത്രി 12.30 ന് ഫ്രാൻസ് സ്പെയിനെ നേരിടും

**France will take on Spain in the first FIFA World Cup semifinal tonight at 12:30 a.m.**

&&&&&&&&&&&&&&&&&

**HEADLINE-1**

**Jaishankar- UNSC (INTRO)**

*യു എൻ രക്ഷാ സമിതിയിലെ താല്ക്കാലിക അംഗത്വത്തിനായുള്ള പ്രചാരണത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ച് ഇന്ത്യ. ന്യൂയോർക്കിലെ യു.എൻ ആസ്ഥാനത്ത് വിദേശകാര്യ മന്ത്രി എസ്. ജയശങ്കറാണ് ഇന്ത്യയുടെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. ആഗോളതലത്തിൽ സംഘർഷങ്ങളും അസ്ഥിരതയും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്രസഭയുടെ പങ്ക് വളരെ*

*നിർണ്ണായകമാണെന്ന് അദ്ദേഹം പറഞ്ഞു.*
*(വോയിസ്)*

*2028 മുതൽ രണ്ട് വർഷത്തെ അംഗത്വത്തിനായാണ് തിരഞ്ഞെടുപ്പ്. മുൻപ് എട്ട് തവണ ഇന്ത്യ ഐക്യരാഷ്ട്ര രക്ഷ സമിതിയിൽ താത്കാലിക അംഗമായിരുന്നു.*

&&&&&&&&&&&&&&&&&

**HEADLINE-2**

**INDIA – UK FTA,**

ഇന്ത്യ- യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ നാളെ മുതൽ പ്രാബല്യത്തിൽ . ചരിത്രപരമായ ഈ കരാറിലൂടെ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന 99 ശതമാനം ഉൽപ്പന്നങ്ങൾക്കും, യുകെ വിപണിയിൽ നികുതി ഇളവ് ലഭിക്കും. 2030-ഓടെ ഇരുരാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി വ്യാപാരം 100 ബില്യൺ യുഎസ് ഡോളറാക്കാനും കരാർ ലക്ഷ്യമിടുന്നു. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപ്രധാന പങ്കാളിത്തം ആഴത്തിലാക്കാനും ഇതിലൂടെ സാധിക്കും. 2021 മേയിലാണ് കരാർ സംബന്ധിച്ച നടപടികൾക്ക് തുടക്കമായത്. സമഗ്ര സാമ്പത്തിക, വ്യാപാര കരാറിലൂടെയുള്ള നികുതി ഒഴിവാക്കൽ ഇന്ത്യൻ കയറ്റുമതിക്കാർക്ക് ഏറെ പ്രയോജനപ്പെടും.

&&&&&&&&&&&&&&&&&

**HEADLINE-3**

**Bharat Tex (intro)**

*ഇന്ത്യയിലെ ഏറ്റവും വലിയ ആഗോള ടെക്സ്റ്റൈൽ മേളയായ 'ഭാരത് ടെക്സ് 2026'ൻറെ ഉദ്ഘാടനം കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രി ഗിരിരാജ് സിങ്ങ് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നിർവഹിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ദർശനങ്ങളുടെ ഭാഗമായാണ് ഭാരത് ടെക്സ് മേള ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കിയ കേന്ദ്രമന്ത്രി മേളയിലെ ആഗോള സാന്നിധ്യം വർദ്ധിച്ചു വരികയാണെന്നും പറഞ്ഞു.*

*(ഹോൾഡ്)*

***<u>ടെക്സ്റ്റൈൽ, ഫാഷൻ മേഖലയിൽ ഇന്ത്യയുടെ ആഗോള സ്വാധീനം വ്യക്തമാക്കുന്ന വിധത്തിലാണ് മേള ഒരുക്കിയിരിക്കുന്നത്. 20 ലേറെ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ നാല് ദിവസത്തെ മേളയിൽ പങ്കെടുക്കുന്നുണ്ട്. ഭാരത് ടെക്സ് മേളയുടെ മൂന്നാം പതിപ്പാണിത്</u>***

&&&&&&&&&&&&&&&&&&

## <u>HEADLINE-4</u>

### <u>VIETNAM BOAT TRAGEDY</u>

വിയറ്റ്നാമിലുണ്ടായ ബോട്ട് അപകടത്തിൽ മരിച്ച മലയാളികളായ എ.സി തോമസ്, ഭാര്യ ലൗവ്നി തോമസ് എന്നിവരുടെ മൃതദേഹങ്ങൾ ജന്മനാടായ കൊട്ടാരക്കരയിൽ എത്തിച്ചു. വിയറ്റ്നാമിൽ നിന്ന് ഇന്നലെ മുംബൈയിൽ എത്തിച്ച മൃതദേഹങ്ങൾ ഇന്ന് രാവിലെയാണ് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ചത്. മന്ത്രിമാരായ പി സി വിഷ്ണുനാഥ്, സി പി ജോൺ, കൊടിക്കുന്നിൽ സുരേഷ് എം പി എന്നിവർ മൃതദേഹം ഏറ്റുവാങ്ങി. സംസ്കാരം നാളെ കൊട്ടാരക്കര മാർത്തോമ പള്ളിയിൽ നടക്കും. വിയറ്റ്നാം ബോട്ടപകടത്തിൽ 15 ഇന്ത്യക്കാരാണ് മരിച്ചത്.

&&&&&&&&&&&&&&&&&&

## <u>HEADLINE-5</u>

### <u>MANSUKH MANDAVIYA</u>

രാജ്യത്ത് ഏഴ് ഇ.എസ്.ഐ. ആരോഗ്യപരിപാലന പദ്ധതികൾക്ക് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് തുടക്കം കുറിക്കും. 668 കോടി രൂപയുടെ പദ്ധതികൾ 53 ലക്ഷം ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടും. തെലങ്കാനയിലെ ഇ എസ് ഐ ആശുപത്രിയിലാണ് ഉദ്ഘാടന ചടങ്ങ്. തെലങ്കാനയ്ക്കു പുറമെ അസം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ എന്നവിടങ്ങളിലെ ഇ എസ് ഐ ആശുപത്രികളിലാണ് പദ്ധതി ആരംഭിക്കുന്നത്.

&&&&&&&&&&&&&&&&&&

### <u>PIYUSH GOYAL</u>

സ്പെയിൻ സന്ദർശനം തുടരുന്ന കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ സ്പാനിഷ് വൈസ് പ്രസിഡന്റുമായി കൂടിക്കാഴ്ച നടത്തി. വ്യാപാരം, നിക്ഷേപം, സാങ്കേതിക സഹകരണം എന്നിവയിലൂടെ ഇന്ത്യ-സ്പെയിൻ സാമ്പത്തിക പങ്കാളിത്തം ശക്തമാക്കുന്നതിനെക്കുറിച്ച് ഇരുവരും ചർച്ച ചെയ്തു. ഈ മാസം 17 വരെ നടക്കുന്ന വിദേശ പര്യടനത്തിനിടെ ബെൽജിയം, ഫിൻലൻഡ് എന്നീ രാജ്യങ്ങളും ശ്രീ പീയൂഷ് ഗോയൽ സന്ദർശിക്കും.

&&&&&&&&&&&&&&&&&

**RIJIJU - DOHA**

ഖത്തർ മുൻ അമീർ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ-താനിയുടെ മരണത്തിൽ അനുശോചനം അറിയിക്കാൻ ഇന്ത്യയെ പ്രതിനിധീകരിച്ച് കേന്ദ്രമന്ത്രി കിരൺ റിജിജു ദോഹയിലേക്ക് യാത്ര തിരിച്ചു. ഇന്ത്യ -ഖത്തർ ബന്ധം ശക്തിപ്പെടുത്തുന്നതിൽ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽതാനി നൽകിയ വിലമതിക്കാനാകാത്ത സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**DAY US IRAN**

ഇറാനെതിരെ മൂന്നാം ദിനത്തിലും ആക്രമണം തുടർന്ന് യുഎസ്. അബു മുസ, ബന്ദർ അബ്ബാസ്, ബുഷേർ, ചാബഹാർ എന്നിവിടങ്ങളിലെ തീര പ്രതിരോധ സംവിധാനങ്ങൾ, മിസൈൽ, ഡ്രോൺ കേന്ദ്രങ്ങൾ എന്നിവ ലക്ഷ്യമിട്ട് ഇന്നലെ രാത്രി ആക്രമണം നടത്തിയതായി യുഎസ് സെൻട്രൽ കമാൻഡ് അറിയിച്ചു. ആക്രമണങ്ങളിൽ ആളപായം ഉണ്ടായില്ലെന്ന് ഇറാൻ വ്യക്തമാക്കി. ഹോർമുസ് കടലിടുക്കിലൂടെയുള്ള വാണിജ്യ കപ്പലുകൾക്ക് നേരെ ആക്രമണം നടത്താനുള്ള ഇറാന്റെ ശേഷി ഇല്ലാതാക്കുകയാണ് ലക്ഷ്യമെന്നും അമേരിക്ക അറിയിച്ചു. മറുപടിയായി ബഹ്റൈനിലും

ജോർദനിലും ഇറാൻ ആക്രമണം നടത്തി. ഹോർമുസ് കടലിടുക്കിലൂടെ സഞ്ചരിച്ചിരുന്ന രണ്ട് യുഎഇ ടാങ്കറുകൾക്ക് നേരെ ഇറാൻ നടത്തിയ ആക്രമണത്തിൽ ഒരു ഇന്ത്യൻ നാവികൻ കൊല്ലപ്പെടുകയും, ആറ് ഇന്ത്യക്കാർ ഉൾപ്പെടെ എട്ട് പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പിക്കാക്സ് പർവതത്തിലെ ഇറാൻറെ ആണവകേന്ദ്രം തകർക്കുമെന്നും, ഹോർമുസിൽ ഇറാൻ കപ്പലുകൾക്ക് വീണ്ടും ഉപരോധം ഏർപ്പെടുത്തുമെന്നും യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി,

&&&&&&&&&&&&&&&&&

**ISS**

ഇന്ത്യൻ വംശജനായ നാസ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ ഉൾപ്പെട്ട മൂന്നംഗ സംഘം എട്ട് മാസം നീണ്ടുനിൽക്കുന്ന ദൗത്യത്തിനായി ഇന്ന് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് തിരിക്കും. കസഖ്സ്ഥാനിലെ ബൈക്കനൂർ കോസ്മോഡ്രോമിൽനിന്ന് റോസ്കോസ്മോസ് സോയൂസ് എംഎസ്-29 ദൗത്യത്തിന്റെ ഭാഗമായാണ് യാത്ര. ഇന്ത്യൻ സമയം രാത്രി 8:17-നാണ് വിക്ഷേപണം. റഷ്യൻ ബഹിരാകാശ യാത്രികരായ പ്യോത്ര് ഡുബ്രോവ്, അന്ന കിക്കിന എന്നിവർക്ക് ഒപ്പം, ബുധനാഴ്ച പുലർച്ചെ 1:25-ഓടെയാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ പ്രവേശിക്കുക.

&&&&&&&&&&&&&&&&&

**SUGATHAN OATH**

ഹൈകോടതി ഉത്തരവിനെ തുടർന്ന്, തിരുവനന്തപുരം കോർപറേഷനിലെ ബി.ജെ.പി കൗൺസിലർ ആർ.സുഗതൻ വിയ്യൂർ സെൻട്രൽ ജയിലിൽ സത്യപ്രതിജ്ഞ ചെയ്തു. മേയർ വി വി രാജേഷ് സത്യവാചകം ചൊല്ലിക്കൊടുത്തു. കാപ്പ കേസിൽ പ്രതിയായതിനാൽ ജയിലിൽ നിന്നും പുറത്തു വിടാനാകാത്ത സാഹചര്യമാണെന്ന് സർക്കാർ ഹൈകോടതിയിൽ അറിയിച്ചിരുന്നു.

&&&&&&&&&&&&&&&&&

**AARANMULA VALLA SADHYA (INTRO)**

*__പ്രശസ്തമായ ആറന്മുള വള്ളസദ്യ ഈ മാസം 19 മുതൽ സെപ്റ്റംബർ 16 വരെ നടക്കും. വഴിപാട് വള്ളസദ്യയുടെ ബുക്കിംഗ് 490 കടന്നു.__*

*__വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....__*

*__(വോയിസ്)__*

**&&&&&&&&&&&&&&&&&&**

## PIB FACT CHECK-PM

ന്യൂസിലൻഡിലെ ഓക്‌ലൻഡിൽ നടന്ന പരിപാടിയിൽ ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ വലിയ ബീഫ് ഉൽപാദക രാജ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രസ്താവന നടത്തിയതായി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. പ്രധാനമന്ത്രി ഇത്തരത്തിൽ ഒരു പരാമർശം നടത്തിയിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധന വിഭാഗം അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## HEADLINE-6

## FIFA

ഫിഫ ലോകകപ്പ് സെമിഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ഇന്ത്യൻ സമയം ഇന്ന് രാത്രി 12.30 നടക്കുന്ന ആദ്യ സെമിയിൽ ഫ്രാൻസ് സ്പെയിനിനെ നേരിടും. നാളെ രാത്രി 12.30 ന് നടക്കുന്ന രണ്ടാം സെമിയിൽ അർജന്റീന - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും. മുൻപ് ലോകകപ്പ് കിരീടം നേടിയിട്ടുള്ള നാല് ടീമുകളാണ് സെമിയിൽ ഏറ്റുമുട്ടുന്നത്. നിലവിലെ ചാമ്പ്യന്മാരായ അർജന്റീന മൂന്ന് തവണയും ഫ്രാൻസ് രണ്ട് തവണയും കിരീടം ചൂടിയപ്പോൾ സ്പെയിനും ഇംഗ്ലണ്ടും ഓരോ തവണ കപ്പ് സ്വന്തമാക്കിയിട്ടുണ്ട്.

**&&&&&&&&&&&&&&&&&&**

## IND vs ENG ODI

ഇന്ത്യ-ഇംഗ്ലണ്ട് പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്. ഇന്ത്യൻ സമയം വൈകുന്നേരം 3.30ന് ബിർമിംഗ്ഹാമിലാണ് മത്സരം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

&&&&&&&&&&&&&&&&&&

## HOCKEY-WOMEN

യു കെ പര്യടനത്തിലെ അവസാന മത്സരത്തിൽ ഇന്ത്യൻ വനിതാ അണ്ടർ - 21 ഹോക്കി ടീം ഇന്ന് ബെൽജിയത്തെ നേരിടും. ഇംഗ്ലണ്ടിലെ ലില്ലിഷാൾ നാഷണൽ സ്പോർട്സ് സെന്ററിലാണ് മത്സരം. .

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&&